"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഗണിതപഠനത്തിനായുള്ള മഞ്ചാടി പദ്ധതി, 5 എം.ആർ.എസ്സുകളിൽ ശാസ്ത്രവിഷയങ്ങളുടെ പഠനത്തിനായുള്ള മഴവില്ല് പദ്ധതി എന്നിവ നടപ്പിലാക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.61/2024/SCSTD തീയതി,തിരുവനന്തപുരം, 21-02-2024

---

പരാമർശം:-
1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 3/10/2023 ലെ SCDD/1876/2023-C1 (EDN C) നം കത്ത്.
2. 29/1/2024 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് യോഗത്തിന്റെ നം 1-ാം നമ്പർ തീരുമാനം

**ഉത്തരവ്**

വിദ്യാർത്ഥികൾക്ക് കണക്ക് വിഷയത്തിനോടുള്ള ഭയം മാറ്റി ഗണിതബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള 7 എം.ആർ.എസ്സുകളിൽ K DISC മുഖേന നടപ്പിലാക്കി വരുന്ന മഞ്ചാടി പദ്ധതി ഈ അദ്ധ്യയന വർഷം മുതൽ പുതുതായി 3 എം.ആർ.എസ്സുകളിൽ കൂടി നടപ്പിലാക്കുന്നതിനും സയൻസ് വിഷയങ്ങളിൽ അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെ 5 എം.ആർ. എസ്സുകളിൽ മഴവില്ല് പദ്ധതി നടപ്പിലാക്കുന്നതിനും K DISC സമർപ്പിച്ച പ്രൊപ്പോസൽ വകുപ്പുതല വർക്കിംഗ് യോഗത്തിന്റെ പരിഗണനയ്ക്കായി പരാമർശം (1) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 10 എം.ആർ എസ്സുകളിൽ മഞ്ചാടി പദ്ധതി നടപ്പിലാക്കുന്നതിന് 42,56,500/- (നാൽപ്പത്തി രണ്ട് ലക്ഷത്തി അൻപത്തിആറായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും 5 എം.ആർ.എസ്സുകളിൽ മഴവില്ല് പദ്ധതി നടപ്പിലാക്കുന്നതിനുമായി 14,17,500/-(പതിനാല് ലക്ഷത്തി എഴുപത്തിഒന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും ഉൾപ്പെടെ 56,74,000/- (അൻപത്തിയാറ് ലക്ഷത്തി എഴുപത്തിനാലായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസലാണ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളത്.

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ 29/1/2024 ൽ

ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി പരിശോധിയ്ക്കുകയും മഞ്ചാടി പദ്ധതി കഴിഞ്ഞ അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കി വരുന്നതിനാലും K DISC മുഖേന നടപ്പിലാക്കി വരുന്ന തുടർപദ്ധതി ആയതിനാലും പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള 10 എം ആർ എസ്സുകളിൽ മഞ്ചാടി പദ്ധതി നടപ്പിലാക്കുന്നതിനും 5 എം ആർ എസ്സുകളിൽ മഴവില്ല് പദ്ധതി നടപ്പിലാക്കുന്നതിനുമായി 56,74,000/- രൂപ (അൻപത്തിയാറ് ലക്ഷത്തി എഴുപത്തിനാലായിരം രൂപ മാത്രം) 2225-01-277-58(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. പട്ടികജാതി വികസന വകുപ്പിലെ ജോയിന്റ് ഡയറക്ടർ(വിദ്യാഭ്യാസം) ശ്രീമതി. സിന്ധു പരമേശിനെ ടി പ്രവൃത്തികളുടെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്വപ്ന.എം
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ(വിദ്യാഭ്യാസം),പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&,.എസ്.എസ്.എ)/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
ചീഫ്, വികേന്ദ്രീത ആസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sreelekha. G.
Date: 21-02-2024 14:42:08
സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി2) സീറ്റ്